# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3343 13.03.17 ൽ മറുപടിയ്ക്ക്**

**<u>ദീർഘദൂര സ്വകാര്യ ബസ്സുകളിലെ അമിത യാത്രാക്കൂലി</u>**

| ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഉത്സവ സീസണുകളിലും മറ്റും ദീർഘദൂര സ്വകാര്യ ബസ്സുകളിൽ യാത്രക്കാരിൽ നിന്നും അമിത യാത്രാക്കൂലി ഈടാക്കുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത്തരം സമയങ്ങളിൽ ആവശ്യത്തിന് കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ നടത്താത്തതാണ് ഈ ചൂഷണത്തിന് ഇടയാക്കുന്നതെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ; | (ബി) | ഉത്സവ സീസണുകളിൽ യാത്രക്കാരുടേയും പൊതുജനങ്ങളുടെയും ആവശ്യപ്രകാരം കെ.എസ്.ആർ.ടി.സി. വേണ്ടത്ര സർവ്വീസുകൾ നടത്തുന്നുണ്ട്. |
| (സി) | ഇത്തരം അവസരങ്ങളിൽ ആവശ്യത്തിന് കെ.എസ്.ആർ.ടി.സി. ദീർഘദൂര ബസ് സർവ്വീസുകൾ നടത്തുന്നതിനും അമിത യാത്രാക്കൂലി ഈടാക്കുന്ന സ്വകാര്യ ബസുകളെ നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) | അമിത യാത്രാനിരക്ക് ഈടാക്കുന്നതായി ശ്രദ്ധയിൽ പെട്ടാൽ ഉചിതമായ നടപടി സ്വീകരിക്കുന്നതിന് എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും ചെക്ക് പോസ്റ്റ് ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശം നൽകിയിരുന്നു. സീസണൽ ഓപ്പറേറ്റർ മാരാണ് അമിത കൂലി വാങ്ങുന്നതെങ്കിൽ അത്തരക്കാരെ ചെക്ക് പോസ്റ്റുവഴി പരിശോധന നടത്തി കർശന നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. കെ.എസ്.ആർ.ടി.സി ദീർഘദൂര ബസ് സർവ്വീസുകൾ കൂടുതൽ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**